

# LITTLEKITES

## DIGITAL MAGAZINE

# വിസ്മയം

സി.കെ.എച്ച്.എസ്
ചേപ്പാട്

സി.കെ.എച്ച്.എസ്
ചേപ്പാട്

# സന്ദേശം


സി. കെ. എച്ച്. എസ്. എസ് ചേപ്പാടിന്റെ അഭിമാനമുഹൂർത്തങ്ങളിൽ ഒന്നാണ് ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയാറാക്കിയ മാഗസിൻ. കുരുന്നുഹൃദയങ്ങളിൽ ആത്മാഭിമാനം വളർത്തുന്ന നിമിഷങ്ങൾ സമ്മാനിക്കുന്ന ഈ അവസരത്തിൽ സർഗ്ഗാത്മകഴിവുകളെ നൂതനസാങ്കേതിക വിദ്യയിലൂടെ വളർത്തിയെടുക്കാൻ സാധിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. ഭാവിയുടെ വാഗ്ദാനങ്ങളായി ഇതിൽ പ്രവർത്തിക്കുന്ന ഓരോ വിദ്യാർത്ഥികളും മാറട്ടെയെന്ന് ആശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്

ഹെഡ് മാസ്റ്റർ

വർഗ്ഗീസ്.കെ.സാമുവൽ

## ഉള്ളടക്കം

1 കേരളത്തിന്റെ മരണം.............................................
2 എല്ലാം അയാളുടെ പൊയ്മുഖങ്ങളായിരുന്നു...................
3 മനസ്സിന്റെ മറവിൽ................................................
4 സ്വപ്നം.....................................................................
5 മധുരം മലയാളം........................................................
6 പരിസ്ഥിതി സൗഹൃദ കേരളം.....................................
7 പ്രളയകേരളത്തിന്റെ പുനർസൃഷ്ടി................................
8 കരിനിഴലുകൾക്കിടയിലെ ഒരു മഴയുടെ കരങ്ങൾ........
9 സമ്മാനം...................................................................
10 മുത്തശ്ശി..................................................................
11 പ്രളയാനന്തര കേരളം..................................................
12 ഓർമ്മച്ചെപ്പ്.............................................................
13 അഹങ്കാരിയായ മത്സ്യം..............................................
14 അസാധ്യമായി നമുക്ക് ഒന്നുമില്ല..................................
15 അതിജീവനം............................................................
16 ആ മഴക്കാലം............................................................
17 എന്റെ പ്രണയം........................................................
18 കടങ്കഥകൾ..............................................................
19 ഗാന്ധിയൻ ആദർശങ്ങളുടെ ഇന്നത്തെ പ്രസക്തി............
20 നരിച്ചീറുകൾ ഉറുങ്ങുമ്പോൾ......................................
21 പ്രളയ കേരളം..........................................................
22 മഴയുടെ നാദം.........................................................
23 മുത്തശ്ശികഥ............................................................
24 പദപ്രശ്നം...............................................................



# കേരളീയന്റെ മരണം

മണ്ണും മനുഷ്യനും ഒന്നായിമാറുമോ
എന്നും ഞാൻ ഓർക്കുന്ന ഈ ജീവിതം
മായുന്ന മറയുന്ന ഈ ജീവനിൽ നീ
പാറിപറക്കുന്ന  ചെളി കുമ്പാരമായ്!
കരയുന്ന കേഴുന്ന ഒരുഈ മലയോര-
ദിവാസികൾ തൻ മരണമായ് വന്ന
ഈ ജലകുമ്പാരങ്ങൾ.

ഒഴുകുന്ന നീ ലോകം മുട്ടും പുഴയായ്........
ഒഴുകുന്ന നീ ഓളങ്ങള് മാറ്റും
കടൽ തിരയായ്.

പെയ്യുന്ന ഒരു കൂട്ടം കണ്ണീരുകൾ താഴെ!
പെയ്യുന്ന ഒരു കൂട്ടം കുട്ടകരച്ചിലുകൾ
കരയാതെ നീ കൂടെവേണം എന്നും
ആരും ഇല്ലാ ഒരൊച്ചയായ്.
ജീവിക്കുമോ ഈ കേരളം മനുഷ്യൻ
നൽകും ക്രൂര ചിതയായ്.
ജീവിക്കുമോ ഹരിത കേരളം ജീവിക്കു-
മോ നീ മനുഷ്യ.......
ജീവനില്ലറ്റു കിടക്കുന്ന മാടുക്കൽ തൻ
ശരീരമുണ്ടോ നമുക്കിന്നും.

ജീവിക്കുമോ നീ മരിക്കാത്ത കനലായ്
ജീവിക്കുമോ എൻ പ്രകൃതി.

മോഹമുണർത്തുന്ന വാക്കുകൾത്തൻ

# 5 വിസ്മയം

പുറകേ പോകുകയാണോ നീ മനുഷ്യ....

പ്ലാസ്റ്റിക്കുകൾ,കുമിയുന്നു,പാലങ്ങൾ അടർന്നനണയുന്നു

ജീവുക്കളമോ..................................നീ മനുഷ്യ!

ആതിര.എ

# എല്ലാം അയാളുടെ പൊയ്മുഖങ്ങളായിരുന്നു

മുഖത്തെ ചായം മാറ്റുമ്പോൾ അയാളെ നോക്കിയിരിക്കാൻ അവനിഷ്ട്മായിരുന്നു മിനുക്കി വെളുപ്പിച്ച ചായങ്ങൾ അലിഞ്ഞുമാറി എണ്ണപുരണ്ട അയാളുടെ മുഖം കാണാറാകുമ്പോൾ അവൻ കൗതുകത്തോടെ കണ്ടു നിൽക്കും. വീട്ടിൽ നിന്നും മുത്തശ്ശിയുടെ അനുവാദത്തോടെ അയാൾ അവനെ കൂട്ടികൊണ്ടു വന്നപൊൾ അവൻ യാത്രയിലൂടെ നീളം ശ്രദ്ദിച്ചത് അയാളുടെ മുഖമായിരുന്നു. കുറ്റിരോമങ്ങൾ പടർന്നെങ്കിലും തെളിഞ്ഞുവരുന്ന പ്രായത്തിന്റെ പൊള്ളൽ പാടുകൾക്ക് ഇടയിൽ എവിടെനിന്നോ വാൽസല്യത്തിന്റെ

ഒരു മുഖം എത്തിനോക്കുന്നതായി അവന് തോന്നിയിരുന്നു. ചെറുപ്പം മുതലെ മുത്തശ്ശി മാത്രമായിരുന്നു അവന്റെ സ്വപ്നങ്ങൾക്കും ഇഷ്ടക്കേടുകൾക്കും കൂട്ട്

നടക്കില്ലെന്നറിമായിരുന്നിട്ടും തന്റെ വാനോളം ചെല്ലുന്ന ആഗ്രഹങ്ങൾക്കും നെഞ്ചിൽ കൊണ്ടുനടന്ന ഇഷ്ടങ്ങൾക്കും, വാശികൾക്കും മുത്തശ്ശി ചെവിതന്നിരുന്നത് എന്തിനെന്ന് അവൻ പലപ്പോഴും ചിന്തിച്ചിരുന്നു.പ്ലാവിന്റെയും പൊടിഞ്ഞ മരത്തിന്റെയും ഗന്ധം തിങ്ങിനിറഞ്ഞിരുന്ന ആ പഴയ നാലുകെട്ടിൽ വിളി കേൾക്കാൻ അവർ ഇല്ലായിരുന്നെങ്കിൽ

## 7 വിസ്മയം

താൻ എന്തുചെയ്യുമായിരുന്നു എന്ന് അവൻ ഇടയ്ക്കിടെ ഓർ-ക്കുമായിരുന്നു .

തനിക്ക് അയാളുടെ പേര് ഒരിക്കലും കണ്ടുപിടിക്കാൻ പറ്റിയിരുന്നില്ല. കൂടെയുള്ളവരോടു ചോദിച്ചാൽ "ഞങ്ങളുടെ ഒരു ചേട്ടായി " എന്നതിൽ ഉണ്ടായിരുന്ന അവരുടെ പക്കലും ഉണ്ടായിരുന്നില്ല .സ്റ്റേജിൽ നാടകം അവതരിപ്പി-ക്കുന്നതിനിടക്കും ഒരിക്കൽ അവൻ സംഭാഷണം മറന്നു പോവുകയുണ്ടായി. അന്ന് കരഞ്ഞുപോയി തന്നെ ആശ്വസിപിച്ചപോൾ അയാളോട് അവന് അളവറ്റ സ്നേഹവും ബഹുമാനവും തോന്നിയിരുന്നു. അയാൾ തന്റെ ആരാണ് , താൻ അയാൾക്ക് ആരാണ് എന്നൊന്നും അവന് മനസിലാകുന്നില്ല.

സ്റ്റേജിന്റെ പുറകിലെ മുറിയിൽ പാളിവീഴുന്ന വെളിച്ചത്തിലേക്ക് നോക്കിയിരിക്കെ രണ്ടു നിഴലുകൾ അവന്റെ കണ്ണിൽ പെട്ടു. ഒന്ന് അവന്റെ രക്ഷിതാവായ ആ മനുഷ്യനിൽ അരണ്ട വെളിച്ചത്തിലും വിളറിയിരിക്കുന്നത് അവൻ കണ്ടു. ഒരു ചെറുചിരിയോടെ ആയാൾ അവന്റ തോളത്ത്  നടുന്നുണ്ടായിരുന്നു. അയാളുടെ കാരുണ്യം പൊഴിയുന്ന വാക്കുകൾ ഉച്ചഭാഷിണിയുടെ അലമുറയ്ക്കിട- യിലും അവന്റെ കാതുകൾ പിടിച്ചെടുത്തു. “ ഇതൊക്കെ സാധാരണമാണ് .ആരും

അറിയാൻ പോകുന്നില്ല . ദാ ആ ഇരിക്കുന്നവന് ഇതുവരെ ഒന്നും പിടികിട്ടിയിട്ടു പോലും ഇല്ല. ഒന്നും അറിയാതിരുന്നതാണ് നല്ലത്”ഒരു ചിരിയോടെ അയാൾ പറഞ്ഞു നിർത്തുമ്പോൾ തിരിച്ചറിവുകളെ ശക്തമായ തള്ളിക്കയറ്റത്തിൽ തരിച്ചിരുന്ന അവന്റെ മനസ്സ് കാതങ്ങൾക്ക് അകലെ ഓടിയെത്തിയിരുന്നു.

XII A

## മനസ്സിന്റെ മറവിൽ

അഞ്ച് വർഷങ്ങൾ മുൻപാണ് ഇന്ദുവും ഗോപിയും തമ്മിൽ കണ്ട് മുട്ടുന്നത്. അന്ന് ഒരു ഞാറാഴ്ച്ച ഉച്ച സമയം, കൊട്ടും മഴ അവൾ കൈയ്യിൽ ബുക്കും പിടിച്ച് ട്യൂഷന്‍ പോയിട്ടു തിരികേ വരുകയായിരുന്നു. അപ്പോൾ ആണ് ഇന്ദു ആദ്യമായി ഗോപിയേ കാണുന്നത്.മെലിഞ്ഞു അവിശത്തിന് ഉയരമുള്ള ഒരാൾ, ഒരു മുണ്ടും അലക്കി തേച്ച ഷർട്ടും ആക്കെ നന്ന ഞ്ഞിരുന്ന അത് ഗോപിയായിരുന്നു. ഇന്ദുവും ഗോപിയും ഒരു കുടകീഴിൽ കയറിനിന്നു. അവർ പരസ്പരം കണ്ണുകൾ കൊണ്ട് നോക്കി നിന്നു. ഏതോ മഴയിൽ നനവോട് ഗോപിയും, ഇന്ദുവും. തീരാമിഴികളിൽ മൗനങ്ങൾ ഒന്നായിലഞ്ഞു. ഈറൻ അണിഞ്ഞ കാറ്റു അവരുടെ കവിളില്ലും തട്ടി, തട്ടി മെല്ലെ പോയി.

പിറ്റേ ദിവസം രാവിലെ അവർ കണ്ടുമുട്ടി. അങ്ങനെ എപ്പോഴും തമ്മിൽ കണ്ടുമുട്ടുമായിരുന്നു. ഒരു ദിവസം,

ഗോപി : ഒന്നു നിക്കാമോ.

ഇന്ദുതിരിഞ്ഞു നോക്കി അവളുടെ മനസ്സിൽ ഒരു ആഹ്ലാദം തോന്നി.

ഗോപി:എനിക്ക് ഒരു കാര്യം പറയണം.

ഇന്ദു:എനിക്കും പറയാനുണ്ട്.

## 9 വിസ്മയം

അവരുടെ സൗഹൃദം പ്രണയത്തിലേക്ക് നിങ്ങി.

മൂന്ന് വർഷങ്ങൾ പിന്നിട്ട് ഇന്ദുവും ഗോപിയും വിവാഹിതരായി. അറിയില്ല. എന്നാലും ഇന്ദു എല്ലാം ഉപേക്ഷിച്ച ഗോപിയുടെ ഒപ്പം നിന്നു.

രണ്ട് വർഷം പിന്നിട്ടു. ഇന്ദു ഗോപിയേ കാത്ത് മക്കൾക്കൊപ്പം വീടിനു മുന്നിൽ എന്നും ഇരിക്കുമായിരുന്നു. അപ്പോൾ അണ് അവൾ പത്രത്തിൽ ആ വാർത്ത കണ്ടത്. ‘ സ്ത്രീകളേ വശീകരിച്ച വിവാഹ തട്ടിപ്പിൽ എർപ്പെടുത്തുന്നു.’ ഗോപിയുടെ അമ്മയേയോ, അച്ഛനേയോ, യഥാർത്ത വീടോ ഒന്നും ഇന്ദുവിനു അത് അവളുടെ ഗോപിയാരുന്നു. തന്റെ നെഞ്ചുപൊട്ടിപോകുന്ന പോലെ അവൾക്ക് തോന്നി. തന്റെ വിഷമങ്ങൾ എല്ലാം മനസ്സിൽ ഒതുക്കിവെച്ച് തന്റെ മക്കളേയും കെട്ടിപ്പിടിച്ച് ആ സത്രീ കരഞ്ഞു.

ഇന്ദുവിന്റെയും അവരുടെ മക്കളുടെയും ജീവിതം അവിടെ അവസാനിച്ചില്ല. എല്ലാവരും അവളെ വിമർഷിച്ചു. താൻ വിവാഹം കഴിച്ച ആൾ തന്നെ ചതിക്കുകയായിരുന്നു എന്നത് അവൾ അറിഞ്ഞില്ല. ഇതെല്ലാം അറി ഞ്ഞപ്പോൾ അവൾ ആത്മഹ്യത്യ .ചെയ്തു. തന്റെ മക്കളെ ഉപേക്ഷിച്ച ഇന്ദു യാത്രയായി.

അഞ്ച് വർഷങ്ങൾ പിന്നിട്ടു ഗോപിയും ഇന്ദുവും തമ്മിൽ പ്രണയത്തിൽ ആയിട്ട്, എന്നാലും ഇന്നും ആ കനൽ കിടപ്പുണ്ട്. മനസ്സിന്റെ മറവിൽ ..... ......

ഇന്ദുവിന്റെ മക്കൾ തന്റെ അമ്മയുടെ വേർപ്പാട് ആലോചിച്ച് ഇന്നും ജീവികുന്നു............

കീർത്തി കൃഷ്ണ

+1 A

# സ്വപ്നം

അന്ന് ഒരു മഴക്കാലത്താണ് അത് സംഭവിച്ചത്. ഞാൻ രാത്രിയിൽ വീട്ടിൽ നിന്നും സുഹൃത്തിൻെറ വീട്ടിലേക്ക് പോകാൻ ഇറങ്ങിയപ്പോൾ അമ്മ എന്നെ വിളിച്ചു. കാരണം ചോദിച്ചപ്പോൾ അമ്മ പറഞ്ഞു, നീ കുട എടുത്തോ എന്ന്. ഞാൻ പറഞ്ഞു എടുത്തൂയെന്ന്. പക്ഷെ വഴിയിലെത്തി മഴ
പെയ്യാൻ തുടങ്ങിയപ്പോൾ കുട കാണാനില്ല. ഞാൻ കുടയുണ്ടോയെന്ന് ശ്രദ്ധിച്ചില്ല. കടുത്തമഴയായിരുന്നു. മഴ നനയാതിരിക്കാൻ ഞാൻ ഒരു വീടിൻെറ വരാന്തയിൽ കയറി നിന്നു.അപ്പോൾ ആ വീട്ടിൽ നിന്നും ഒരു അലർച്ച കേട്ടു."ആരെങ്കിലും ഓടി വരണേ...."ഞാൻ വീടിന്റ വരാന്തയിൽ കയറിനിന്നു. അപ്പോൾ ആ വീട്ടിൽ നിന്നും ഒരലർച്ച കേട്ടു. "ആരെങ്കിലും ഓടി വരണേ...."ഞാൻ വീടിന്റെ അകത്തേക്കു ചെന്നു. അപ്പോൾ അടുക്കളയിൽ നിന്ന് ആണെന്നുതോന്നുന്നു, പാത്രം വീഴുന്ന ശബ്ദം. ആ സമയത്ത് ഒരു പട്ടിയുടെ ഓരിയിടൽ ഞാൻ കേട്ടു.

എനിക്ക് വളരെ ഭയം തോന്നി. ഞാൻ അടുക്കളയിൽ ചെന്നപ്പോൾ അവിടെ ധാരാളം പുക മാത്രം കാണാം. ഞാൻ വീടിന്റെ വെളിയിലേക്ക് ഭയന്നിറങ്ങാൻ ശ്രമിച്ചപ്പോൾ കതക് തനിയെ അടഞ്ഞു. തുറക്കാൻ ശ്രമിച്ചിട്ട് കഴിഞ്ഞില്ല. ഞാൻ ഒന്ന് കണ്ണടച്ചു. പിന്നെ കണ്ണ് തുറന്നപ്പോൾ ഞാൻ എന്റെ വീട്ടിലാണ്. അപ്പോൾ അമ്മ എന്നോട് പറഞ്ഞു. ഞാൻ ഉറക്കത്തിൽ സ്വപ്നം കണ്ടു കൊണ്ട് ഓരോ കാര്യങ്ങൾ വിളിച്ചു പറഞ്ഞു എന്ന്. അപ്പോഴാണ്

എനിക്ക് മനസ്സിലായത്,ഞാൻ സ്വപ്നം കണ്ടതായിരുന്നു

# മധുരം മലയാളം

അമ്മ പകർന്നു തന്ന ഭാഷയാണ്
നമ്മുടെ മലയാളം
മുലപ്പാലിൽ നിന്ന് നുകർന്നു തന്ന
ഭാഷയാണ് മലയാളം
അമ്മ പറഞ്ഞ കൊഞ്ചലിലൂടെ
കേട്ട മലയാളം
ആദ്യമായി എഴുത്തു കുറിച്ച
ഭാഷ മലയാളം

സി. കെ. എച്ച്. എസ്
ചേപ്പാട്

## 12 വിസ്മയം

എൻെറ മനസ്സ് നിറച്ച മലയാളം
സുന്ദരമായ ഭാഷയാണ് മലയാളം
അച്ഛനും അമ്മയും പകർന്നു തന്ന
ഭാഷയാണ് മലയാളം
അക്ഷരമുറിയിൽ ചെന്നപ്പോൾ കേട്ട–
താണ് മലയാളം
അച്ഛനമ്മമാർ മക്കൾക്ക് നൽകിയ
സ്നേഹമാണ് മലയാളം

*സി. കെ. എച്ച്. എസ്*
*ചേപ്പാട്*

# പ്രളയകേരളത്തിൻെറ്റ പുനർസൃഷ്ടി

കേരളമിന്ന് നേരിട്ട ഏറ്റവും വലിയ പ്രശ്നമാണ് പ്രളയം. മനുഷയൻ ഈ പ്രകൃതിയോട് കാട്ടിയ ക്രൂരതയുടെ
ഫലമാണ് പ്രളയത്തിൻെറ്റ രൂപത്തിൽ നമ്മൾ കേരളീർ നേരിടുന്നത്.പ്രകൃതി വളരെ മനോഹരിയാണ്,ശാന്ത
സ്വഭാവിനിയുമാണ്, എന്നാൽ ആ പ്രക്രതി ഒരു
കോപരൂപത്തിലെത്തിയിരിക്കുന്നു.അതാണ് പ്രളയം. പ്രളയത്തിൽ അനേകം മനുഷ്യരുടെ വാസസ്ഥലം നഷ്ടപ്പെട്ടു അതിനൊപ്പം തന്നെ പിൻഞ്ചുകുഞ്ഞുങ്ങളടക്കം
അനേകം പേർ മരിക്കാനിടയായി. ചെറിയകുട്ടികൾക്ക്
അവരുടെ അച് ഛനമ്മമാരേയും നഷ്ടമായി,എന്നാലിനിയ

-തൊന്നും തിരികെ നൽകാൻ നമുക്കാകില്ലയെന്നാലും ഇനിയും ഇതുപോലെയൊരു ദുരന്തം ഇല്ലാതാക്കാൻ

സാധിക്കും.മരങ്ങളുടെ കുറവ് വെള്ളപ്പൊക്കത്തിന് കാരണമാകുന്നു.അതുകൊണ്ട് തന്നെ വൃക്ഷങ്ങൾ

നട്ടുപിടിപ്പിച്ചുകൊണ്ട് നൃക്കീപുനർസൃഷ്ടി ആരംഭിക്കാം.

വർഷത്തിലൊരു വൃക്ഷമെങ്കിലും നടാം.പണ്ട് വളരെ

പ്രശസ്തരായകവികളും കഥാകൃത്തുകളും പാടിപ്പുകഴ്ത്തിയ നമ്മുടെ

കേരളം."ദൈവത്തിൻെറ്റ സ്വന്തം നാട്" ഇന്ന് മനുഷ്യരുടെ ക്രൂരതമൂലം

ചെകുത്താൻെറ്റ സ്വന്തം നാട് എന്ന് വർണ്ണിക്കേണ്ട അവസ്ഥയായി. പ്രളയത്തിൽ അനേകം ഗൃഹങ്ങൾക്ക്

നാശം സംഭവിക്കുകയും ഗൃഹങ്ങൾ മാലിന്യം കോണ്ട് നിറയുകയും ചെയ്തു ഈ കാരണം മൂലം ഏവർക്കും

രോഗം ഉണ്ടാവാൻ സാധ്യതയുണ്ട്. ഇത് തടയാനായി

വീടുകളും പരിസരവും നല്ലതുപോലെ വൃത്തിയാക്കണം

ഇനിയുമിതുപോലെയോരു ദുരന്തം ഉണ്ടാവാതെ തടയേണ്ടത് നമ്മൾ

കേരളീയരാണ്. അതിനായി മരങ്ങളും

മുറിച്ച് കളഞ്ഞും, ആഡംബരത്തിനായി കുളങ്ങളും

മറ്റും നികത്തി വലിയ കെട്ടിടങ്ങൾ പണിയുന്നത് തടയേണ്ടിയിരിക്കുന്നു.

ഫാക്ട്റികളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളും മലിനവായുവും പ്രകൃതിയ്ക്ക്

ദോശകരമാണ്. ഇവയൊക്കെ പ്രളയം

പോലെയുള്ള മറ്റു ദുരന്തങ്ങളിലേക്ക് കേരളത്തെ നയിക്കുന്നു. ഇത് തടയാൻ

മനുഷ്യർ തന്നെ പരിശ്രമിക്കണം. നമ്മൾ മനുഷ്യരുടെ ക്രൂരതയെന്ന്

അവസാനിക്കുന്നുവോ അന്നുമാത്രമേ ഒരു നല്ല


പ്രകൃതിയെ നമ്മുക്ക് വീണ്ടടുക്കാൻ കഴിയൂ.

കേരളത്തിൻ്റെ പുനസൃഷ്ടിയ്ക്കായി മനുഷ്യൻ

തന്നെയാണ് പ്രവൃത്തിക്കേണ്ടതെന്നാണ് എൻ്റെ നിലപാട്

വിർഷ. വിനോദ്

9-B



# കരിനിഴലുകൾക്കിടയിലെ ഒരു മഴയുടെ കരങ്ങൾ

ആർത്തലച്ചെത്തിയ മഴയുടെ കൊലവിളി
നിറയുന്ന കേരള- അതിരുകളെങ്ങുമെ
പതറുന്ന തകരുന്ന പൊലുയുന്ന സ്വപ്നങ്ങൾ
അഭരന്ന പാതിയും നാടിന്റെ മാറിടം
കൊലവിളിയായ് വന്ന കാലവർഷം ഇന്ന
നിലവിളിയായ് മാറി എങ്ങും മുഴങ്ങുന്ന
ഒഴുകി പേർപിരിയുന്ന കേരള മണ്ണിന്റെ
പാതിമുറിഞ്ഞൊരാ മലകളും പാടവും
കൂടെയൊഴുകി ഒലിച്ചുപോയിരുന്ന
ജീവൻ തുടിക്കുന്ന മാനഹൃദയങ്ങൾ
തന്റെ കിടാങ്ങളെ തന്നോടു ചേർത്തു
-കൊണ്ടലമുറയിട്ടു മായുന്നൊരാമാതൃത്വം
ഒരു രാത്രിതീരവേ പോയിമറഞ്ഞുവോ
കേരള മണ്ണിന്റെ സൗന്ദര്യ സ്വപ്നങ്ങൾ
ഒരുപകൽ കൂടിയെ വേണ്ടു ഈ നാടിന്റെ
മക്കൾക്കു കേരളം വീണ്ടെടുത്തീടാൻ
ഒരു കരം കൊണ്ടു നാം ഒരു ജീവൻ കാത്തുവോ
പലതു കൊണ്ടു നാം കേരളം വാർത്തുവോ
തൻമതൻ പലകരം കൊണ്ടു നാം സൃഷ്ടിച്ച
നവകേരളം സ്നേഹകേരളമീമണ്ണിൽ
മതമിഴ മതിലിഴ ജാതിതൻ അടിയില്ല
മനുഷ്യന്റെ നൻമതൻ മനസ്സുകൾ മാത്രമേ
പ്രളയം കൊടുത്തൊരു ദുരിതനാളങ്ങനെ

സി.കെ.എച്ച്.എസ്
ചേഷാട്


ഒരുമയാൽ കേരളം തള്ളിനീക്കിടുന്ന
സാന്ദ്ര.എസ്
1

# സമ്മാനം

ജീവിതം ഒന്നേ ഉള്ളു,
മരണത്തെ ഭയന്ന് കഴിയാൻ
എനിക്ക് ആവില്ല....
അമ്മ പകർന്ന് തന്ന മൂല്യങ്ങൾ,
മുറുകെ പിടിച്ച് കൊണ്ട് ;
ഞാൻ പറക്കും അനന്തവിഹായസ്സിലേക്ക്
ആർക്കും എത്തിചേരാൻ ആവാത്തത്ര
ഉയരത്തിലേക്ക്, ആരും
കൊതിച്ച് പോകുന്നത്ര നേട്ടങ്ങൾ
കൈവരിക്കാൻ, എന്റെ അമ്മയുടെ
ശിരസ്സ് അഭിമാനം കൊണ്ടുയർത്താൻ.
ദുഃഖങ്ങൾ ഉള്ളിലൊതുക്കും
ത്യാഗങ്ങൾ സഹിക്കും
തടസ്സങ്ങളെ അതിജീവിക്കും
കാരണം ഇതെന്റെ ജീവിതമാണ്,
എന്റെ അമ്മയ്ക്ക് ഞാൻ
നൽകുന്ന സമ്മാനം....

നീന.ആർ.സന്തോഷ് 9A

# മുത്തശ്ശി

മുത്താരം കുന്നിലെ മുത്തിയമ്മ
മൂക്കുത്തിയിട്ടൊരു മുത്തിയമ്മ
കൂനിനടക്കുന്ന മുത്തിയമ്മ
വെള്ളിനരയുള്ള മുത്തിയമ്മ

മൂവാണ്ടൻ മാവിന്റെ ചോട്ടിലെന്നും
കുട്ടികളൊത്ത് കഥകൾ ചൊല്ലി
കൈകൊട്ടി പാടി ചുവടുവെച്ച്
പാട്ടുകൾ പാടി കളിച്ചിടുന്നു

മുത്തശ്ശിക്കഥ കേൾക്കുവാനായ്
കുട്ടികൾ നിത്യവുമൊത്തു കൂടി
മൂവാണ്ടൻ മാവിന്റെ ചോട്ടിലെന്നും
മുത്തശ്ശി പ്രായം മറന്നു നിന്നു.

ദേവിക.എം
9 B

# പ്രളയാനന്തര കേരളം

ചുട്ടുപൊള്ളുന്നൊരു അമ്മ മനസ്സ്
തൻ കിടാവിൻ വിശപ്പടക്കാൻ
കഴിയില്ലിന്നവൾക്ക്
അവൾക്ക് ചുറ്റും കണ്ണീർ തടാകങ്ങൾ
എങ്കിലും തന്റെ,
ഓമൽ പൈതലിൻ ദാഹമടക്കാൻ
ഒരിറ്റു നീർ അവിടെയില്ല
ഇനി വസ്സിക്കാൻ നാടില്ലവൾക്ക്
ഇനി തണലേകാൻ വീടില്ലവൾക്ക്
നഷ്ടമായി കഴിഞ്ഞു അവൾ നേടിയതെല്ലാം
തിരിചെടുത്തു ഭൂമി അവൾക്ക് നൽകിയതെല്ലാം
നഷ്ടമാക്കി നാം നമ്മുടെ ദൂഷ്യഫലത്താൽ
നിലച്ചു മനുഷ്യനാണ്
നാം ഒന്നെന്ന പാഠം പഠിപ്പിച്ചു

ഇത് പ്രളയമല്ല,
ഭൂമി നമുക്ക് നൽക്കിയ പാഠമാണ്
ഇത് പ്രളയമല്ല,
ഭൂമി നമുക്ക് നൽക്കിയ പാഠമാണ്

ജയലക്ഷ്മി എം
12 A

# ഓർമ്മച്ചെപ്പ്

ഓർമയാം ചെപ്പിലൊളിച്ച വെച്ചാലും
ഓർത്തു പൊകുമെല്ലായ്പ്പോഴും
ഓമനയാം നിൻമുഖം

ഒരുനൊമ്പരമായെന്നിൽ നിറയും
ഒരു നൊമ്പരയെന്നിൽ ഇടറും
എത്രയെറെ മറയ്ക്കാൻ ശ്രമിച്ചാലും
നീയെന്ന മുള്ളുകൾ എൻ
ഹൃദയത്തിൽ  കേറിയില്ലയോ
ജീവിതമാം നൗകയിൽ ആടിയുലയുമ്പോഴും
മരണമാം മുള്ളുകൾ ഭയന്നിട്ടു മാവാം
ആഴിയിൽ എരിയാതെയും
നിന്നോർമമകളിൽ ഞാനിങ്ങനെ ഒഴുകിയലയുന്നു
ഹൃദയമാം എൻ പൂങ്കാവനത്തിലെ
പനിനീർചെടിപ്പോൽ നീ
പുഞ്ചിരിതുകി നിൽപ്പൂ ഉള്ളിലെ നോവറിയതെ
എന്തിനെന്നോ തനിച്ചാക്കിയകന്നു നീ
ഞാൻ സുഖമായിരുന്നുന്നോയെന്നു
നീ തീർക്കിയില്ലല്ലോ
ദളിതയെന്ന പച്ചകുത്തലുമായി
ജനിച്ചതാണോ നീ ചെയ്ത് തെറ്റ്
ഈ ജന്മം നിർവൃതിയായിടാൻ
നിന്നോർമകൾ മാത്രം മതിയെനിക്ക്
ഓർക്കുക മനുഷ്യനായി ജന്മമെടുത്തില്ലായിരുന്നേൽ

ബി . അർജുൻ   -

# അഹങ്കാരിയായ മത്സ്യം

ഒരിടത്ത് ഒരു കുളം ഉണ്ടായിരുന്നു. ആകുളത്തിൽ ഒരുപാട് മീനുകളും

ഉണ്ടായിരുന്നു.പെൺമത്സ്യങ്ങളായിരുന്നു കൂടുതലും.അതിൽ ഏറ്റവും സുന്ദരിയായൊരു മീനുണ്ടായിരുന്നു. താൻ സുന്ദരിയാണെന്നുള്ള വിചാരം അത് അവളിൽ തന്നെ അഹങ്കാരം ഉളവാക്കി.എന്നാൽ അവളുടെ അഹങ്കാരം മറ്റുള്ള മീനുകൾക്ക് ഇഷ്ടമല്ലായിരുന്നു.അങ്ങനെയിരിക്കുമ്പോഴാണ് ഒരിക്കൽ ആ കുളത്തിന്റെ സമീപത്ത് ഒരു കൊക്ക് താമസം തുടങ്ങുന്നത്.ഒരിക്കൽ ഈ കൊക്കിന്റെ
കണ്ണിൽ ആ മീൻ പെടുന്നു.അന്ന് മുതൽ
അവന്റെ മനസ്സിൽ ഈ മീനിനെ തിന്നണം എന്നാണ്. അങ്ങനെ ഒരു ദിവസം ആ മീനിന്റെ അച്ഛൻ അതിന്റ അഹങ്കാരത്തെപറ്റി ബോധ്യപ്പെടുത്തുകയും ശകാരിക്കുകയും ചെയ്തു.
അത് ഇഷ്ടപ്പെടാത്ത മീൻ കുളത്തിന്റെ ഒരു ആഴമില്ലാത്ത വെള്ളം കെട്ടി കിടക്കുന്ന ഭാഗത്തേക്ക് വന്നു. ആ അവസരത്തിൽ കൊക്ക് അവിടേക്ക് പറന്നുവന്നു.ആ മീനിനെ കൊത്തി എടുത്തുകൊണ്ട് പോയി. അങ്ങനെ അതിന്റെ ജീവനും അഹങ്കാരവും നഷ്ടപ്പെട്ടു.

ഗുണപാഠം:അഹങ്കാരം ആപത്ത്

അനശ്വര.എസ്
9A

# അസാധ്യമായി നമുക്ക് ഒന്നുമില്ല

ഈ ലോകത്തിൽ മനുഷ്യർ പ്രതീക്ഷയോടെയാണ് ജീവിക്കുന്നത്. അന്നത്തെ ദിനം ക്ലേഷകരമാണെങ്കിലും നാളെ എല്ലാം ശരിയായിടും എന്ന ശുഭപ്രതീക്ഷയോടെയാണ് നാം ഏവരും ഒരു ചെറുപുഞ്ചിരിയുമായി നിശയിലേക്ക് പ്രവേശിക്കുന്നത്.അതെ പുഞ്ചിരിയുമായി പുലരിയെ വരവേറ്റുന്നു.

തോൽവികൾ ആണ് വിജയത്തിന്റെ, ചവിട്ടുപടിയെന്ന് നാം പലപ്പോഴും കേൾക്കാറുണ്ട്. എന്നാൽ ചിലർ ഉണ്ട് ആദ്യ തോൽവിയിൽ തന്നെ, ഇനി തന്നെക്കൊണ്ട് ഒന്നും സാധിക്കുകയില്ല, നിർത്തിയേക്കാം എന്ന് സ്വയം നിശ്ചയിക്കും.

നമുക്ക് ചില കാര്യങ്ങളോട് അടങ്ങാത്ത ആഗ്രഹമുണ്ടെങ്കിൽ അത് നേടാനുള്ള വാശിയുണ്ടെങ്കിൽ ചില തോൽവികൾ ആഗ്രഹത്തിന്റെ ഭാഗമായി കണക്കാക്കിയേക്കണം.ആ പാഠങ്ങൾ ഉള്ളിൽ വച്ചുകൊണ്ട്. നാളെ ആ ലക്ഷ്യനിർവഹണത്തിനു വേണ്ടി വീണ്ടും വീണ്ടും പരിശ്രമിക്കണം. ഇങ്ങനെ ചെയ്താൽ, വിജയം നിങ്ങളുടെ പിന്നാലെ തന്നെ ഉണ്ട്.

കുട്ടിക്കാലത്ത് നിനക്ക് ഒന്നും കഴിയില്ലാ, നിനക്ക് ഒന്നും സാധിക്കത്തില്ല എന്ന് ഒരുപാട് പേര് ചില കുട്ടികളെ തള്ളിമാറ്റുമായിരുന്നു.

എന്നാൽ അവർ ഓർക്കുന്നില്ല, ചിന്തിക്കുന്നില്ല. ആ കുട്ടികൾ അവരെ പരിഹസിച്ചവരെ ആ വാക്കുകളെ ഒരു ആയുസമാക്കി, അവരെക്കൊണ്ടു തന്നെ വാക്കുകളെ തിരുത്തി പറയ്ക്കണം എന്ന വാശിയോടെ ജീവിച്ചിട്ട്, ഇന്ന് ലോകം അറിയുന്ന മഹാ വ്യക്തിത്വങ്ങൾ ആയിമാറിയിരിക്കുന്നു.

നമ്മുക്ക് സന്തോഷം തരുന്ന കാര്യങ്ങൾ മാത്രം ചെയ്തുകൊണ്ട് ജീവിക്കുക. നമ്മളെകൊണ്ട് സാധിക്കുന്ന കാര്യമാണെങ്കിൽ, എന്നെക്കൊണ്ട് പറ്റും, ഞാനാണ് ഏറ്റവും നല്ലത്, ഞാൻ അത് ചെയ്യും എന്ന് പറഞ്ഞ് മനസ്സിനെ ബലപ്പെടുത്തുക. മറ്റുള്ളവർ എന്തു വിചാരിക്കും എന്നു ഒരിക്കലും ചിന്തിക്കരുത്. കാരണം വാസ്തവത്തിൽ അവർ നമ്മളെ ശ്രദ്ധിക്കുന്നേയില്ല.

വർഷ വിനോദ്

9.ബി

# അതിജീവനം

*കേരളമേ നീ എന്തിനു*
*കേഴുന്നു, മനുഷ്യന്റെ ദുഷ്ടതയാലോ*

*കേരളമേ നീ എന്തിനു*
*ഇങ്ങനെ കലിതുള്ളുന്നു*

*മനുഷ്യനിൽ നന്മമനസ്സുണ്ട്*
*എന്ന് കാണിക്കാനോ*

*അതോ മനുഷ്യനിൽ ദുഷ്ടതകൾ*
*കാണിക്കാനോ*

*നിൻ കോപം മനുഷ്യനിൽ*
*നാശവിതച്ചപ്പോൾ*
*അവർ അറിഞ്ഞു*
*നിൻ വില*

*നീ ഉരുൾപൊട്ടലായി*
*നീ പ്രളയമായി*
*വന്നതെന്തിന് നീ*
*പറയുവിൻ ഞങ്ങളോട്*
*ഇനിയും നീ*

*പ്രളയമായി വരരുതേ*

# 24 വിസ്മയം

*ഇനിയും ഉരുൾപൊട്ടലായി*
*വരരുതെ ന*
*വീടുകൾ നീ*
*ഒരിക്കലും തകർക്കരുതേ*

*മനുഷ്യൻ തൻ അധ്വാനം*
*കൊണ്ടു നിർമിച്ചതെല്ലാം*
*നീ തകർക്കരുതേ*

*പ്രളയമായി വന്നു നീ*
*മനുഷ്യന്റെ ജീവൻ*
*നീ കവരരുതേ*

*ഇനിയും നീ*
*പ്രളയമായി വരരുതേ*

*നന്ദു സുനിൽ*
*IX A*

# ആ മഴക്കാലം

**കോ**രിച്ചൊരിയുന്ന ആ മഴക്കാലം അനുവിന് ഓർക്കുവാൻ കൂടി ഇ മഴയെയും മിന്നലിനേയും സ്നേഹിച്ച പെൺകുട്ടിയായിരുഷ്ടമല്ല. പണ്ട്ന്നു അനു. ചെമ്പിച്ചമുടിയുള്ള കടുംകാപ്പി നിരമുള്ള കണ്ണുകളുള്ള വെള്ളത്ത് മെലിഞ്ഞ പെൺകുട്ടിയാണ് അനു. അച്ഛന്റെയും അമ്മയുടെയും ഓരേയൊരു മകളാണ് അനു. അവൾക്കേറ്റവും ഇഷ്ടം അവളുടെ അച്ഛന്റെ ഗുരുവായൂരിലെ തറവാട്ടിൽ പോയി നിൽക്കാനാണ്. നാലുകെട്ടും തുളസിത്തറയുമുള്ള വലയോരു വീട് അവിടെ അവളുടെ മുത്തശ്ശി അങ്ങനെ ആ അവധിക്കാലം തീരാറായപ്പോൾ അവൾക്ക് അവിടെ പോകാൻ കഴിഞ്ഞുള്ളു. അവളെ അവിടെയാക്കി അച്ഛനും അമ്മയും മടങ്ങി. "അമ്മുമ്മേ എനിക്ക് ശർക്കരച്ചോറ് ഉണ്ടാക്കി തരുവോ." അനു കൊഞ്ചി ചോദിച്ച. "അതിനെ മക്കക്ക് ഞാൻ ശർക്കരച്ചോറ് ഉണ്ടാക്കി തരാലോ." അമ്മമ്മയുടെ മറുപടി. അദ്യത്തെ രണ്ടു ദിവസവും വളരെ മനോഹരമായി കടന്നുപോയി. അന്ന് മൂന്നാം ദിവസം രാത്രിയിൽ മുടിയാഴിച്ചാടുന്ന യക്ഷിയെപ്പോലെയുള്ള മഴയായിരുന്നു. അന്ന് മുത്തശ്ശി നേരത്തെ കിടന്നു. അനു ഫോണിൽ നോക്കി കിടക്കുകയായിരുന്നു. പെട്ടെന്നായിരുന്നു. ഒരു ,ശബ്ദം . അവൾ ഒടിച്ചെന്ന് മുത്തശ്ശിയുടെ മുറിയിൽ നോക്കി മുത്തശ്ശി നല്ല ഉറക്കമാണ് വീണ്ടും പല ശബ്ദം . അടുക്കളയിൽ നിന്നാണ് കേൾക്കുന്നത് തോന്നി അവൾ നോക്കി അതാ അവിടെ ഓട് പൊളിഞ്ഞു താഴെ കിടക്കുന്നു. ഓടില്ലാത്തതിടതുടി വെള്ളം വരുന്നുണ്ട്. അവിടെ ദേഹമാകെ നനഞ്ഞ ആജാനബാഹുവായ മനുഷ്യൻ. അവൾ പേടിച്ച് ബഹളം വെച്ച് ഓടി അവളുടെ പിറകെ അയാളോടിവരുന്നു മുത്തശ്ശി ബഹളം കേട്ട് എഴുന്നേറ്റു. ഓടി വന്ന അയാൾ മുത്തശ്ശിയെ കണ്ട ഉടൻ മുത്തശിയുടെ അടുത്തേക്കു ഓടിയടുക്കുന്നു. മുത്തശ്ശിയെ ഭിത്തിയുടെ അടുത്തേക്ക് അഞ്ഞു തള്ളി. മുത്തശ്ശി ബോധംകെട്ടു വീണു. അനു വല്ലാതെ പേടിച്ചു പോയി. അവൾ പെട്ടെന്നു വാതിൽ തുറക്കാനായി ഓടുന്നതിനു ഇടയിൽ അവൾ മാറിനു

26 വിസ്മയം

വീണു. പിടനെയുന്നേറ്റ ഓടി. കതക്തുറന്നു അപ്പുറത്തെ വീട്ടിലേക്കോടി ആളുകൾ ഓടികൂടിയപ്പോൾ അയാൾ ഓടി രക്ഷപെട്ടു. അയലത്തുകാരും മറ്റും മുത്തശിയെ ആശുപതിയിലെത്തിച്ചു . മുത്തശ്ശിക് സാരമായ പരുക്കകൾ മാത്രം ഉണ്ടായിരുന്നുള്ളു. എപ്പോൾ മുത്തശ്ശി അനുവിന്റെ വീട്ടിലാണ്. ആ സംഭവത്തിനു ശേഷം അനു അവിടെ പോയിട്ടില്ല.

ആര്യ കൃഷ്ണൻ
9 സി

# എന്റെ പ്രണയം

സൗഹൃദം എന്റെ സിരകളിൽ
ഓടിയ കാലത്ത്, എന്റെ
സ്കൂൾ കാലത്ത്.........
ഉറക്കമുണരുന്നത് പോലും
കൂട്ടുകാരോട് ഒത്ത് സമയം
ചിലവഴിക്കാനായിരുന്നു........
എന്തിനൊക്കെ കുറവ് വന്നാലും
ഞങ്ങടെ സൗഹൃദത്തിന് ഒരു
കുറവും വന്നില്ല..............
കാലങ്ങൾ കടന്ന് പോയി,
ആ സന്തോഷ നിമിഷങ്ങൾ;
വെറും നിമിഷങ്ങളായി........
ആ നിമിഷങ്ങൾ, എന്റെ
കണ്ണ് നനയ്ക്കുന്ന ദുഃഖമേറിയ
ഓർമ്മയായി..............
എങ്കിലും പ്രണയം സൗഹൃദത്തോട്
മാത്രം..........................

നീന.ആർ.സന്തോഷ്
*9 A*

# കടങ്കഥകൾ

1. അകത്തുനിന്ന് നോക്കികാണും, കാണുന്നതെല്ലാം ഉള്ളിലാക്കും....
2. കാലിൽ പിടിച്ചാൽ തോളിൽ കയറും.
3. അമ്മയെ കുത്തി, മകൻ മരിച്ചു.
4. ആവശ്യക്കാർ വാങ്ങുന്നില്ല....... വങ്ങുന്നവർ ഉപയോഗിക്കുന്നില്ല....
5. കൊക്കിരുന്നു കുളം വറ്റി.
6. അടി മുള്ള്, നടു കാട്,തല പൂവ്.
7. അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മയ്ക്കിത് നിർബന്ധം......
8. അക്കരെ നിക്കും തുഞ്ചാണി ഇക്കരെ നിക്കും തുഞ്ചാണി,കൂട്ടിമുട്ടും തുഞ്ചാണി.......
9. കാട് വെട്ടി പാറ കണ്ടു പാറ വെട്ടി വെള്ളം കണ്ടു......
10. കുട കുട കുടു കുടു നടുവിൽപാതാളം.

ഉത്തരങ്ങൾ

1. ക്യാമറ
2. കുട
3. തീപ്പെട്ടിക്കൊള്ളി
4. ശവപ്പെട്ടി
5. റാന്തൽ വിളക്ക്
6. കൈതച്ചക്ക
7. വാതിലിന്റെ സാക്ഷ
8. കൺപീലി
9. തേങ്ങ
10. ഉരൽ

നീന.ആർ.സന്തോഷ്
9 A

# ഗാന്ധിയൻ ആദർശങ്ങളുടെ ഇന്നത്തെ പ്രസക്തി

മഹാത്മാഗാന്ധി ആരാണെന്ന് നമുക്കേവർക്കും അറിയാം. നമ്മുടെ ഭാരതത്തിന് ബ്രിട്ടീഷ് സർക്കാരിൽ നിന്ന് സ്വാതന്ത്ര്യം നേടി തന്നതിൽ പ്രധാന പങ്കു വഹിച്ച ഒരു വ്യക്തിയാണ് മഹാത്മഗാന്ധി. അദ്ദേഹം നമ്മുടെ രാഷ്ട്രപിതാവായിരുന്നു. അദ്ദേഹത്തിന്റെ ആദർശങ്ങളെപറ്റി പറയുകയാണെങ്കിൽ അത് എന്നും പ്രസക്തിയുള്ളതാണ്.

അദ്ദേഹത്തിന്റെ ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം. തന്റെ ആദർശങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തി മറ്റുള്ളവർക്ക് മാതൃകയായി മാറുകയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് അദ്ദേഹത്തെ എല്ലാവരും ഇത്രത്തോളം ബഹുമാനിക്കുന്നത്. എല്ലാവർക്കും മാതൃകയാക്കാൻ കഴിയുന്ന നല്ലൊരു വ്യക്തിത്വത്തിന് ഉടമയാണ് ഗാന്ധിജി. അഹിംസയായിരുന്നു അദ്ദേഹത്തിന്റെ ആയുധം. ത്യാഗം,സ്നേഹം,താഴ്മ,വിനയം,എളിമ,ദയാവായ്പ്,സത്യശീലം. ഇവയെല്ലാം അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകളായിരുന്നു. ഏറ്റവും ലളിതമായ ജീവിതരീതിയായിരുന്നു അദ്ദേഹത്തിന്റേത്.

ഇന്നത്തെ സമൂഹത്തിൽ മഹാത്മാഗാന്ധിയുടെ ആദർശങ്ങൾക്ക് വളരെ പ്രസക്തിയുണ്ട്. കാരണം, ഇന്ന് കേരളത്തിൽ രാഷ്ട്രീയവും അല്ലാത്തതുമായ കൊലപാതകങ്ങൾ നടക്കുന്നുണ്ട്, ആ സാഹചര്യത്തിൽ നാം അഹിംസ ഏറ്റവും പ്രധാനപ്പെട്ട ആയുധമാക്കണം.ഒരു ജീവിയെ പോലും ഹിംസിക്കരുതെന്നായിരുന്നു മഹാത്മാഗാന്ധിയുടെ ആദർശം. അത് നാം നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കണം. മനുഷ്യനെ തന്നെ കൊല്ലുമ്പോൾ അവൻ മൃഗത്തേക്കാൾ തരംതാഴന്ന രീതിയിൽ

സി.കെ.എച്ച്.എസ്
ചേപ്പാട്

പ്രവർത്തിക്കുന്നു. അതിനാൽ അഹിംസ എല്ലാവരും തങ്ങളുടെ ആയുധമാക്കിതീർക്കണം.അദ്ദേഹത്തിന്റെ സത്യശീലം, അത് വളരെ പ്രശസ്തമാണ്. ഇന്ന് ഈ സമൂഹത്തിൽ എല്ലാവരും പ്രാവർത്തികമാക്കേണ്ടതാണ് ഈ സത്യശീലം. ഇന്ന് തെറ്റായ മാർഗത്തിലൂടെയാണ് മനുഷ്യൻ എല്ലാ സുഖസൗകര്യങ്ങളും നേടിയെടുക്കുന്നത്. ഇങ്ങനെ നേടിയെടുക്കുന്നതൊന്നും ഒരിക്കലും നിലനിൽക്കില്ല എന്ന സത്യം വജ്രത്തെപോലെ കഠിനമാണ്. എല്ലാവർക്കും അതിലൂടെ സഞ്ചരിക്കാൻ കഴിയില്ല, എങ്കിലും നാം നീതിമാന്മാരായിരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇന്ന് സമൂഹത്തിൽ ആഡംബര ജീവിതം നയിച്ച് വരുന്നവർ അദ്ദേഹത്തിന്റെ ലളിതമായ ജീവിതരീതി പിൻതുടരേണ്ടതാണ്. നാം ആഡംബരത്തിന് ഉപയോഗിക്കുന്ന പണം നമുക്ക് അല്പ നേരത്തെ സന്തോഷം നൽകിയെന്ന് വരാം, പക്ഷേ അത് നമ്മൾ പാവപ്പെട്ടവരുടെ നന്മക്കുവേണ്ടി ഉപയോഗിച്ചാൽ, അവർക്ക് സന്തോഷമാകുകയും ഒപ്പം നമുക്ക് ആത്മസംതൃപ്തി ലഭിക്കുകയും ചെയ്യുന്നു.

"ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി മറ്റു-
ള്ളവർക്കായ് ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമ്മല പൗർണമി" എന്ന അക്കിത്തത്തിന്റെ വരികൾ നാം ഓർക്കേണ്ടതാണ്.

"അന്യജീവനതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" എന്ന കവിവചനം വളരെ പ്രസക്തി ഏറുന്നുന്നതാണ്.

## 31 വിസ്മയം

നാം ചെയ്യുന്ന പ്രവർത്തികളെല്ലാം മറ്റുള്ളവർക്ക് നന്മയായി ഭവിക്കണം എങ്കിൽ മാത്രമേ നമ്മുടെ ജീവിതം ധന്യമായി തീരുകയുള്ളു.

*നീന.ആർ.സന്തോഷ് 9 A*

# നരിച്ചീറുകൾ ഉറുങ്ങുമ്പോൾ

നരിച്ചീറുകൾ ഉറുങ്ങുമ്പോൾ
ഉണരുന്ന മനുഷ്യകുലങ്ങളും
മനുഷ്യകുലങ്ങൾ ഉറങ്ങുമ്പോൾ
ഉണരുന്ന നരിച്ചീറുകളും
കാലമെന്ന പ്രഹേളികയ്ക്ക്
തിലകം ചാർത്താനുദ്യമിക്കുമ്പോൾ
കാലം തെറ്റിയ കലികാലത്തി
ന്നിരകളായ് മാറുമീലോകവും.

*ജോസഫ് ചാക്കോ*

# പ്രളയ കേരളം

ശ്യാമസുന്ദരമാം എന്റെ കേരളം
മാഞ്ഞു പൊടുന്നനെ എത്തി
വൻ പേമാരിയും കൂടെ പ്രളയവും.
മധുരമാം മലയാള മക്കൾ തൻ
ചിരി മാഞ്ഞു എവിടെയും മനസ്സലിയിക്കും
കരച്ചിൽ മാത്രം.
ദൈവത്തിന്റെ സ്വന്തം നാടിനെ
ദൈവം കൈവിട്ട ചില ദുഃഖ നിമിഷങ്ങൾ മാത്രം
കുഞ്ഞുമക്കൾ മുതൽ മുഴുവൻ മനുഷ്യരും
ഒരുമിച്ച് കേഴുന്നു ഒരു താങ്ങിനായി
സ്വത്തും സമ്പത്തും അതിമനോഹരമായ
പാർപ്പിടങ്ങളെ ജലം വിഴുങ്ങിയപ്പോൾ
ഒരു കൈസഹായവുമായി വന്നു
കടലിന്റെ മക്കൾ.
മുഴുവൻ കേരളനാടും കൈകോർത്തു
നിന്ന ആ നിമിഷം ഈ കേരളം
വീണ്ടും **ദൈവത്തിന്റെ സ്വന്തം നാടായി.**
എങ്കിലും കേരളത്തിന്റെ മക്കൾ മുഴുവനും
പൊരുതി ഈ ഉഗ്രരൂപിണിയാം
മഹാപ്രളയത്തോട് അവർ
പൊരുതി ജയിച്ചു.

**ആര്യ കൃഷ്ണൻ**
*9 C*

# മഴയുടെ നാദം

ഒരിക്കൽ ഞാൻ ജനലിലൂടെ നോക്കിനിന്നുകൊണ്ടായിരുന്നു മഴ ആസ്വദിച്ചിരുന്നത്. മുറ്റത്തുനിന്നിരുന്ന ചെടികൾ ഒരു ഉണർവോടുകൂടിയായിരുന്നു നിന്നിരുന്നത്. വെളിയിൽ ഇറങ്ങാൻ പറ്റാത്ത മഴയായിരുന്നു അത്. മഴയിലുള്ള സൗന്ദര്യം ഞാൻ ആസ്വദിച്ചുകൊണ്ടിരുന്നു. ഇടിമിന്നലോട്കൂടിയ മഴ. കാറ്റിലാടിയുലയുന്ന ഇലകൾ, മഴ കഴിഞ്ഞ് മരങ്ങളിൽ നിന്ന് വീഴുന്ന മഴനീറ്ത്തുള്ളികൾ, മരങ്ങളിൽ നിന്ന് പറന്നുപോകുന്ന പക്ഷികൾ,പുതു ജീവൻ വെച്ചതുപോലെ ഉണറ്ന്നു നിൽക്കുന്ന പുൽച്ചെടികൾ ഇവയുടെ ഭംഗികൾ കണ്ട് ഞാൻ അവിടെ നിന്നുപോയി.

മഴയുടെ ഭംഗി നമ്മളെ മാറ്റമില്ലാത്ത ലോകത്ത് എത്തിക്കുന്നു. എന്നാൽ ചിലപ്പോൾ മഴ ചില ക്രൂരഭാവങ്ങളും കാട്ടിതരുന്നു.മഴ ഒരു കൂട്ടുകാരനെപ്പോലെ നിലനിൽക്കുന്നു. മഴയുടെ ഭംഗിയും സൗന്ദര്യം ആസ്വദിക്കാൻ നമ്മൾ ശ്രമിക്കണം.മഴയോടുള്ള ഇഷ്ടം നമ്മൾ മഴയോട് തന്നെ കാണിക്കണം.

രാജലക്ഷമി.ബി
9 C

# മുത്തശ്ശികഥ

അന്ന് നേരം സന്ധ്യയായപ്പോൾ നല്ല കാറ്റും ഇടിയും മഴയും ഉണ്ടായിരുന്നു.രാവിലെ മുതൽ തന്നെ അന്തരീക്ഷം മൂടിക്കെട്ടി നിൽക്കുകയായിരുന്നു. തുള്ളിക്ക് ഒരുകുടം എന്നപോലെയാ മഴ പെയ്യുന്നത്,മുത്തശ്ശി മകളോടായ് പറഞ്ഞു.വീട്ടുജോലിയിൽ മുഴുകിയിരുന്ന മകൾ മുത്തശ്ശി പറഞ്ഞത് ശ്രദ്ധിച്ചില്ല. പെട്ടെന്നാണ് വീടിനെ മുഴുവൻ വിറപ്പിച്ച് കൊണ്ട് ഇടി വെട്ടിയത്.ഇടിയുടെ കൂടെത്തന്നെ വീട്ടിലെ വൈദ്യുതിയും പോയി ടീവിടിൽ മുഴുകിയിരുന്ന മുത്തശ്ശിയുടെ മകളുടെ ഭർത്താവും ജോലിയിൽ മുഴുകിയിരുന്ന മകളും ഫോണിൽ നോക്കി ലയിച്ചിരുന്ന പേരക്കുട്ടികളുമെല്ലാരും മുത്തശ്ശി ഇരിക്കുന്ന ഹാളിലേക്ക് വന്നിരുന്നു. മുത്തശ്ശി ഒരു മെഴുകുതിരി കത്തിച്ചു മേശയിൽ വെച്ചു. മുത്തശ്ശി അവിടെയിരുന്ന് മറ്റുള്ളവരോടായി ഓരോന്ന് പറഞ്ഞു. പഴയ കഥകളും അവരുടെ ബാല്യകാലവുമെല്ലാം കൂടെ അവരുടെ മകൾ കുഞ്ഞിലെ കാട്ടിയ കിസൃതിത്തരങ്ങളും എല്ലാം. എല്ലാവരും ആ സംസാരത്തിൽ ലയിച്ചു പോയിരുന്നു. തിരിച്ച് അവരും ഓരോ കഥകൾ പറയാൻ തുടങ്ങി. അങ്ങനെ ഒരു മുറിയിൽ തന്നെ ഒതുങ്ങിക്കൂടിക്കഴിഞ്ഞവർക്ക് പരസ്പരം മിണ്ടാനും പറയാനും മുത്തശ്ശി കത്തിച്ചു വെച്ച മെഴുകുതിരി വെട്ടം മാത്രം മതിയായിരുന്നു.

ആര്യ കൃഷ്ണൻ
9 C

# 36 വിസ്മയം

| | | | | | | |
|---|---|---|---|---|---|---|
| | 2 | | 3 | | | |
| | | | 4 | | | |
| 1 | | 5 | | | 6 | 7 |
| | | 8 | | | | |
| | | | 9 | | | |
| | 10 | | | | | |

## വലത്തോട്ട്

**1.** കേരളത്തിലെ ആദ്യ ഫിലിം സ്റ്റുഡിയോ?

**3.** മികച്ച ചിത്രത്തിനുള്ള ഓസ്കർ നേടിയ ആദ്യ ബ്രിട്ടീഷ ചലച്ചിത്രം?

**4.** മികച്ച ചിത്രത്തിനുള്ള പ്രസിഡന്റിന്റെ സ്വർണമെഡൽ നേടിയ ആദ്യ ദക്ഷിണേന്ത്യൻ ചിത്രം ഏത്?

**5.** ഒരേയൊരു അഭിനേതാവ് മാത്രമുള്ള ആദ്യ ഇന്ത്യൻ ചലച്ചിത്രം?

**8.** എ.ആർ റഹ്മാൻ സംഗീതസംവിധാനം നിർവഹിച്ച ആദ്യ ചിത്രം ഏത്?

**9.** മലയാളത്തിലെ ആദ്യ ശബ്ദ ചലച്ചിത്രം, ഏത്?

**10.** ഒരു സാധാരണ സിനിമയുടെ ദൈർഘ്യമുള്ള ആദ്യ കംപ്യൂട്ടർ അനിമേറ്റഡ് ചിത്രം?

## താഴോട്ട്

**2.** ആദ്യമായി ഇരട്ടവേഷം എന്ന സൂത്രവിദായ പരീക്ഷിച്ച ഇന്ത്യൻ സിനിമ.

**6.** നികുതി ഒഴിവാക്കാൻ ബ്രിട്ടിഷുകാരുമായി ക്രിക്കറ്റ് മത്സരത്തിനിറങ്ങയ ഗ്രാമവാസികളുടെ കഥ പറയുന്ന ഹിന്ദി സിനിമ?

**7.** ഏത് ആക്ഷൻ താരത്തിന്റെ അവസാന ചിത്രങ്ങളാണ് എന്റർ ദ് ഡ്രാഗൺ, സർക്കിൾ ഓഫ് അയൺ, ഗെയിം ഓഫ് ഡെത്ത് എന്നിവ?

നീന.ആർ.സന്തോഷ്

*9A*

# 38 വിസ്മയം

താഴോട്ട്

1. ഒരു പദാർഥത്തിന്റെ എല്ലാ ഗുണങ്ങളുമടങ്ങിയ അടിസ്ഥാന യൂണിറ്റ് എന്താണ്?
2. ഏറ്റവും ആദ്യം കണ്ടുപിടിക്കപ്പെട്ട ആസിഡ്.
4. ലോഹങ്ങൾ ആസിഡുമായി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വാതകം?
5. ബയോഗ്യാസിലെ പ്രധാന ഘടകം?
6. ഹൃദയത്തിലേക്ക് രക്തം വഹിക്കുന്ന കുഴലുകളുടെ പേരെന്ത്?
7. ഹൃദയസംബന്ധമായ തകരാറുകൾ കണ്ടെത്താൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?

വലത്തോട്ട്

3. മണ്ണെണ്ണയിൽ സൂക്ഷിക്കുന്ന മൂലകമേത്?
8. ജ്വലനത്തെ സഹായിക്കുന്ന വാതകം
9. ശരീരത്തിലെത്തുന്ന വൈറ്റമിനുകളും ധാതുലവണങ്ങളും ഇരുമ്പിന്റെ അംശങ്ങളും സംഭരിച്ചുവയ്ക്കുന്ന അവയവം ഏതാണ്?
10. ഖരരൂപത്തിലുള്ള കാർബൺ ഡയോക്സൈഡിന്റെ മറുനാമം.
11. ഭൂമിയുടെ അന്തരീക്ഷത്തിന്റെ ശതമാനവും നിറഞ്ഞിരിക്കുന്ന മൂലകമേത്?

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | | | | |
| | | | 4 | 5 | | 6 |
| | | 7 | | | | |
| 8 | | | | | | |
| | | | | 9 | | |
| | | | 10 | | | |
| | | 11 | | | | |

നീന.ആർ.സന്തോഷ്

# 39 വിസ്മയം

9 A

| | | | | | | |
|---|---|---|---|---|---|---|
| | | 11 | | | | 2 |
| | 5<br>7 | | | | 6 | |
| | | | 4 | 3 | | |
| | | | | | | |
| | | 10 | | | | |

## താഴോട്ട്

1.ഹരിയാനയിലൂടെ ഒഴുകുന്ന നദി.

2.കയർ വ്യവസായത്തിന് പ്രസിദ്ധമായ ജില്ല.

3.ഒഡിഷയുടെ സംസ്ഥാന പക്ഷി.

4.ഇന്ത്യയിലെ ഏറ്റവും വലിയ മരുഭൂമി.

5.ഛത്തീസ്ഗഢ് സംസ്ഥാനത്തിന്റെ പ്രധാന നദികളിൽ ഒന്ന്

6.കണിക്കൊന്ന ഏത് സംസ്ഥാന പുഷ്പമാണ്.

## വലത്തോട്ട്

7.ടിൻ അയിര് ലഭിക്കുന്ന ഏക ഇന്ത്യൻ സംസ്ഥാനമാണ് ഛത്തീസ്ഗഢ്.

ശരിയോ തെറ്റോ?

8.കേരളത്തിലെ ഏറ്റവും നീളമുള്ള നദി

9.ലോകത്തിലെ ഏറ്റവും ഉയരമേറിയ യുദ്ധഭൂമി എവിടെ ആണ്

10.'ഹരിയാന ഹരിക്കെയ്ൻ – ആരുടെ വിശേഷണമാണിത്

11.ക്ലാസിക്കൽ പദവി ലഭിച്ച ആദ്യ ഇന്ത്യൻ ഭാഷ

നീന.ആർ.സന്തോഷ്

9A

A

# THANKS.......
# LITTLE KITES
# CKHSS
# CHEPPAD